(ഇ)&(എഫ്) ഒരു സിലിണ്ടർ ഉള്ളവർക്ക് 7 ലിറ്ററും രണ്ടു സിലിണ്ടർ ഉള്ളവർക്ക് 5 ലിറ്ററും എന്ന തോതിലാണ് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുള്ളത്. എന്നാൽ 1.3.2000 മുതൽ രണ്ടു സിലിണ്ടർ ഉള്ളവരുടെ പെർമിറ്റുകൾക്ക് മണ്ണെണ്ണ നൽകേണ്ടതില്ല എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവർക്ക് റേഷൻ കാർഡ് പ്രകാരമുള്ള രണ്ടു ലിറ്റർ മണ്ണെണ്ണ തുടർന്നും ലഭിക്കും.

കാർഷികാവശ്യത്തിന് പുതിയ മണ്ണെണ്ണ പെർമിറ്റ്

117 (1605) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിന് പുതിയ മണ്ണെണ്ണ പെർമിറ്റ് അനുവദിക്കരുതെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) നിലവിലുള്ള പെർമിറ്റിൽ കൊടുത്തിട്ടുള്ള മണ്ണെണ്ണ മുഴുവനായും നൽകുന്നില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അനുവദിച്ചിട്ടുള്ള മണ്ണെണ്ണ പൂർണ്ണമായും നൽകാനും പുതിയ പെർമിറ്റുകൾ അനുവദിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കാർഷികാവശ്യത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും മണ്ണെണ്ണ അനുവദിക്കുന്നില്ല.

(ബി) ഉണ്ട്.

(സി) നിലവിലുള്ള മണ്ണെണ്ണ പെർമിറ്റുകൾക്ക് മുഴുവൻ അളവിലും മണ്ണെണ്ണ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും കൂടുതൽ മണ്ണെണ്ണ ലഭ്യമായാൽ പുതിയ പെർമിറ്റുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

നന്നംപ്ര ഗ്രാമപഞ്ചായത്തിൽ മാവേലിസ്റ്റോർ

118 (1606) ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നന്നംപ്ര ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് നടപടി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) നന്നംപ്ര ഗ്രാമപഞ്ചായത്തിൽ മാവേലിസ്റ്റോർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) നിലവിൽ മാവേലിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ രണ്ടു വീതം സ്റ്റോറുകൾ ആരംഭിക്കുക എന്ന നയത്തിന്റെ ഭാഗമായി താനൂർ നിയോജകമണ്ഡലത്തിലെ ഒഴൂർ പഞ്ചായത്തിൽ വെള്ളച്ചൽ എന്ന സ്ഥലത്ത് 6.1.2000 മുതൽ ഒരു മാവേലി സ്റ്റോർ തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതേ നിയോജകമണ്ഡല

LIBRARY ARCHIVES Kerala Legislative Assembly